TUESDAY 07/10/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. KS  **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/10/2025

1. ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം ജില്ലയിലെ ത്രിതല പഞ്ചായത്തുകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയുടെ സംയുക്ത ആഭ്യമുഖ്യത്തിൽ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ, കേരള ഫീഡ്സ് ലിമിറ്റഡ്, കെ.എൽ.ഡി ബോർഡ്, സർവ്വീസ് സഹകരണ സംഘങ്ങൾ എന്നിവയുടെ സഹകരണത്തോടെ അതിയന്നൂർ ബ്ലോക്കിലെ ഉച്ചക്കട ക്ഷീരോല്പാദക സഹകരണ സംഘത്തിൻറെ ആതിഥേയത്വത്തിൽ തിരുവനന്തപുരം ജില്ല ക്ഷീരകർഷക സംഗമം 2025-26 നെല്ലിമൂട് ആർ.വി.എം ആഡിറ്റോറിയത്തിൽ വച്ച് 2025 ഒക്ടോബർ 6,7,8 തീയതികളിൽ വിവിധ പരിപാടികളോടെ നടത്തുന്നു . പ്രസ്തുത പരിപാടിയിൽ വിളംബര ഘോഷയാത്ര, കന്നുകാലി പ്രദർശനം, മൃഗസംരക്ഷണ ക്ഷീരവികസന കാർഷിക എക്സിബിഷൻ, ക്ഷീരസംഗമം, സെമിനാറുകൾ, ശില്പശാല, ഡെയറി ക്വിസ്, ക്ഷീരകർഷകരെ ആദരിക്കൽ, അവാർഡ്ദാനം, കലാസന്ധ്യ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു. 06-10-2025 വൈകുന്നേരം 3 മണിക്ക്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിളംബരഘോഷയാത്ര, നാളെ (7-10-2025 ചൊവ്വാഴ്ച്ച) ക്ഷീരവികസന സെമിനാർ, കലാസാംസ്കാരിക പരിപാടി, വിദ്യാർത്ഥികൾക്കുള്ള അവാർഡ്ദാനം തുടങ്ങിയവ ഉണ്ടായിരിക്കുന്നതാണ്. 08-10-2025 ബുധനാഴ്ച നടക്കുന്ന ജില്ലാ ക്ഷീരകർഷക സംഗമം 2025-26ൻ്റെ ഉദ്ഘാടനം നെയ്യാറ്റിൻകര MLA കെ. ആൻസലൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ.അനിൽ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവ്വഹിക്കുന്നു. ഈ ചടങ്ങിൽ എം.പി ശശി തരൂർ, കോവളം MLA അഡ്വ. എം.വിൻസൻ്റ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ് അഡ്വ. ഡി. സുരേഷ്കുമാർ, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, സഹകാരികൾ, ഉദ്യോഗസ്ഥ പ്രമുഖർ, ക്ഷീരകർഷകർ തുടങ്ങിയവർ പങ്കെടുക്കുന്നു.

2. കാർഷിക വിദ്യാർത്ഥികൾക്ക് തൊഴിൽ അവസരങ്ങൾ ഒരുക്കിക്കൊണ്ട് കേരള കാർഷിക സർവകലാശാലയുടെ വിദ്യാർത്ഥി

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ഷേമ ഡയറക്ടറേറ്റും, യൂനിവേഴ്സിററി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയും, പ്ലെയ്സ്മെന്റ് സെല്ലുകളും, സർവകലാശാല വിദ്യാർത്ഥി യൂണിയനും ചേർന്ന് "കരിയർ റീപ്പ് 2025 " തൊഴിൽ മേള ഒക്ടോബർ 7, ചൊവ്വാഴ്ച്ച സർവകലാശാലയുടെ വെള്ളാനിക്കരയിലുള്ള മുഖ്യ ക്യാമ്പസിൽ വെച്ച് സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികൾക്ക് ഒട്ടനവധി തൊഴിലവസരങ്ങൾ തുറന്നു കൊടുക്കുന്ന ഇത്തരമൊരു മേള ഇതാദ്യമായാണ് കേരള കാർഷിക സർവ്വകലാശാല സംഘടിപ്പിക്കുന്നത്. കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ബി.അശോക് ഐ. എ. എസ് മേള ഉദ്ഘാടനം ചെയ്യും. ദേശീയ-അന്തർദേശീയ സ്വകാര്യ, സഹകരണ സ്ഥാപനങ്ങൾ, കാർഷിക ഉൽപാദക കമ്പനികൾ, എൻ ജി ഓ കൾ തുടങ്ങിയ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖ സ്ഥാപനങ്ങളും തൊഴിൽ ധാതാക്കളായി പങ്കെടുക്കുന്ന ഈ തൊഴിൽ മേളയിൽ കേരള കാർഷിക സർവകലാശാലയിൽ നിന്നും വിവിധ വിഷയങ്ങളിൽ ബിരുദ, ബിരുദാനന്തര, ഡോക്ടറൽ കോഴ്സുകളും മറ്റു കോഴ്സുകളും പഠിച്ച വിദ്യാർത്ഥികൾക്കാണ് പങ്കെടുക്കാൻ അവസരം

ലഭിക്കുക. പരിപാടിയിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്ന കമ്പനികൾക്കും കാർഷിക സർവകലാശാല പൂർവ്വ വിദ്യാർത്ഥികൾക്കും ഓൺലൈൻ രജിസ്ട്രേഷൻ കൂടാതെ സ്പോട്ട് രജിസ്ട്രേഷൻ സൗകര്യവും ഒരുക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് http://placement.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

3. നെടുമങ്ങാട് ആനാട്, പനവൂർ പഞ്ചായത്തുകളെ സമ്പൂർണ്ണ കശുമാവ് ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയും, മൂഴി ടിഷ്യുകൾച്ചറൽ സൊസൈറ്റിയും സംയുക്തമായി നടപ്പിലാക്കുന്ന സൗജന്യ കശുമാവ് തൈകളുടെ വിതരണം ആരംഭിച്ചു. സൗജന്യമായി ലഭിക്കുന്ന കശുമാവ് തൈകൾ കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർ ആനാട് പഞ്ചായത്തിലെ മൂഴി ടിഷ്യുകൾച്ചറൽ സൊസൈറ്റിയിൽ നിന്നും, പനവൂർ പഞ്ചായത്തിലെ കർഷകർ എപിജെ അബ്ദുൽ കലാം ജനകീയ കൾച്ചറൽ ഓർഗനൈസേഷനിൽ എത്തി കരമടച്ച രസീത് കോപ്പി, ആധാർ കോപ്പി എന്നിവയോടൊപ്പം പൂരിപ്പിച്ച അപേക്ഷ നൽകി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കശുമാവ് തൈ കൈപ്പറ്റാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 8921362802 എന്ന നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

4. ക്ഷീര വികസന വകുപ്പിൻറെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഒക്ടോബർ 14 മുതൽ 16 വരെ ക്ഷീര സഹകരണ സംഘം സെക്രട്ടറി / ക്ലാർക്ക് മാർക്കുള്ള പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ഒക്ടോബർ 13 -ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 - 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം.പി.ഒ., തിരുവനന്തപുരം 695004. Email ID:principaldtctvm@gmail.com

5. കാക്കനാട് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ (വിഎഫ്പിസി കെ) കൂൺ കൃഷി എന്ന വിഷയത്തിൽ ഏകദിന പരിശീലനം നൽകുന്നു. ചൊവ്വാഴ്ച രാവിലെ 9.30 മുതൽ വൈകീട്ട് മൂന്നുവരെ വി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എഫ് പി സി കെ കാക്കനാട് ഓഫീസിലാണ് പരിപാടി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 94977 13882.

6. **കാർഷിക മൃഗസംരക്ഷണ നിർദ്ദേശം**

1.തെങ്ങിന് കൂമ്പുചീയൽ ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പ് പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പ് വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ച് പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക. സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലകൾക്കും ചുറ്റുമുള്ള ഓലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക. ദുർബല മേഖലകളിൽ തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം.

2. പശു - കുളമ്പു രോഗം (പാദ വായ രോഗം) അഫ്ത്തോവൈറസ് അണുബാധ മൂലമുണ്ടാകുന്ന വളരെയേറെ പകരുന്ന രോഗമാണ് കുളമ്പു രോഗം (കാൽ, വായ്, രോഗം). അണുബാധയുടെ ഫലമായി വായിലും ചുറ്റുപാടും കാലുകളിലും വെസിക്കുലാർ നിഖേദ് ഉണ്ടാകുന്നു,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

അതിന്റെ ഫലമായി ഒരു മൃഗം ഭക്ഷണം കഴിക്കാനോ നീങ്ങാനോ വിമുഖത കാണിക്കുന്നു. **പ്രതിരോധം:** വ്യക്തിഗത മൃഗങ്ങൾക്കും അവയുടെ പാർപ്പിടത്തിനും ചുറ്റുപാടുകൾക്കും ശുചിത്വ സാഹചര്യങ്ങൾ ഉറപ്പാക്കുക. ഹെൽത്ത് ടോണിക്കുകൾ അടങ്ങിയ വിറ്റാമിനുകളും ധാതുക്കളും അടങ്ങിയ തീറ്റകൾ നൽകിക്കൊണ്ട് കന്നുകാലികളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുക. രോഗം വന്നാൽ ഉടൻ വെറ്ററിനറി ഡോക്ടറുടെ മേൽനോട്ടത്തിൽ മരുന്ന് നൽകുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം